No.CEE/4900/2015/KEAM-2016/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

# കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനപ്പരീക്ഷകൾ-2016 ഒരുക്കങ്ങൾ പൂർത്തിയായി

2016-17 അധ്യയന വർഷത്തിൽ കേരളത്തിലെ എഞ്ചിനീയറിംഗ് കോഴ്സുകളിലെ പ്രവേശനത്തിനായി നടത്തപ്പെടുന്ന എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷ 2016 ഏപ്രിൽ 25, 26, തീയതികളിലും, മെഡിക്കൽ/അനുബന്ധ കോഴ്സുകളിലെ പ്രവേശനത്തിനായി നടത്തപ്പെടുന്ന മെഡിക്കൽ പ്രവേശനപ്പരീക്ഷ 2016 ഏപ്രിൽ 27, 28 തീയതികളിലും നടക്കുന്നതാണ്. കേരളത്തിലെ 14 ജില്ലാ കേന്ദ്രങ്ങൾ, മുംബൈ, ഡെൽഹി, ദുബായ് എന്നിവിടങ്ങളിലായി 351 കേന്ദ്രങ്ങളിലാണ് പ്രവേശന പരീക്ഷകൾ നടത്തപ്പെടുന്നത്. ആകെ 165861 അപേക്ഷകർ ഉള്ളതിൽ 123914 പേർ എഞ്ചിനീയറിംഗ് പ്രവേശനപ്പരീക്ഷയും, 126186 പേർ മെഡിക്കൽ പ്രവേശനപ്പരീക്ഷയും അഭിമുഖീകരിക്കുന്നതാണ്. പ്രവേശനപ്പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനു വേണ്ടി സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരും, വിദ്യാഭ്യാസ വകുപ്പിലെ മറ്റ ഉദ്യോഗസ്ഥരും ഉൾപ്പെടെ 8,000–ത്തോളം ഉദ്യോഗസ്ഥരെ വിവിധ തലങ്ങളിൽ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളും കോളേജുകളുമാണ് പ്രധാനമായും പരീക്ഷാ കേന്ദ്രങ്ങളായി തിരഞ്ഞെടുത്തിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് പരീക്ഷ എഴുതുന്നതിന് ആവശ്യമായ അഡ്മിറ്റ് കാർഡുകൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. അഡ്മിറ്റ് കാർഡിന്റെ കളർ പ്രിന്റൗട്ട് ഹാജരാക്കിയാൽ അത് വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിന് സൗകര്യപ്രദമായിരിക്കും. പ്രവേശനപ്പരീക്ഷകളുടെ സുഗമമായ നടത്തിപ്പിനുവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും പോലീസ് മേധാവികൾക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
20.04.2016